## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6588** **21-03-2023 - ൽ മറുപടിയ്ക്ക്**

## സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടശേഷം സമയബന്ധിതമായി ജോലി പൂർത്തീകരിക്കാത്ത കരാറുകാരുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടശേഷം സമയബന്ധിതമായി ജോലി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ച കാരണം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത കേസുകളിൽ കരാറുകാരനെതിരെ ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാത്ത കരാറുകാർക്ക് എതിരെ സ്റ്റാൻഡേർഡ് ബിഡിംഗ് ഡോക്യുമെന്റ്, ജനറൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്റ്റ്, ക്ലോസ് 15 പ്രകാരവും പൊതുമരാമത്ത് വകുപ്പ് മാനുവൽ ക്ലോസ് 2116.2, 2116.2.1 എന്നിവ പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടു പോകുന്നത് മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം, പ്രസ്തുത ക്ലോസുകൾ പ്രകാരം, കരാറുകാരനിൽ നിന്നും ഈടാക്കുന്നു. |
| (ബി) | ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാൻ നിയമമുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടശേഷം സമയബന്ധിതമായി ജോലി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ച കാരണം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത കേസുകളിൽ കരാറുകാരനെതിരെ ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാത്ത കരാറുകാർക്ക് എതിരെ സ്റ്റാൻഡേർഡ് ബിഡിംഗ് ഡോക്യുമെന്റ്, ജനറൽ കണ്ടീഷൻസ് ഓഫ് |

| | | | |
|---|---|---|---|
| | | | കോൺട്രാക്ട്, ക്ലോസ് 15 പ്രകാരവും പൊതുമരാമത്ത് വകുപ്പ് മാനുവൽ ക്ലോസ് 2116.2, 2116.2.1 എന്നിവ പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടു പോകുന്നത് മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം, പ്രസ്തുത ക്ലോസ്സുകൾ പ്രകാരം, കരാറുകാരനിൽ നിന്നും ഈടാക്കുന്നു. |

സെക്ഷൻ ഓഫീസർ